കെ. പി. എസ്. എം. വി. എച്ച്. എസ്. എസ്സിൽ ജോലിചെയ്യുന്ന ഗീത, സി. ബി. യുടെ നിയമനം അംഗീകരിക്കാതിരിക്കുന്നതിനുള്ള കാരണം

110 (708) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്തനംതിട്ട, കുമ്പഴ എം. വി. എച്ച്. എസ്. എസ്സിൽ ട്രാവൽ ആന്റ് ടൂറിസം കോഴ്സിൽ ഇൻസ്ട്രക്ടറായി ജോലി നോക്കുന്ന ജോയ്സി ലോപ്പസിന്റെ നിയമനം അംഗീകരിച്ച സർക്കാർ എന്തുകൊണ്ടാണ് അതേ കാലയളവിൽ തന്നെ ഒറ്റപ്പാലം മറോട് കെ. പി. എസ്. എം. വി. എച്ച്. എസ്. എസ്സിൽ അതേ തസ്തികയിൽ ജോലി ചെയ്യുന്ന ഗീത. സി. ബി. യുടെ നിയമനം അംഗീകരിക്കാതിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കരട് സ്പെഷ്യൽ റൂൾസിൽ ട്രാവൽ ആന്റ് ടൂറിസം കോഴ്സിൽ ഇൻസ്ട്രക്ടർ തസ്തികയ്ക്ക് നിർദ്ദേശിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതകൾ ഇല്ലാത്തതിനാലാണ് ശ്രീമതി. സി. ബി. ഗീതയുടെ നിയമനത്തിന് അംഗീകാരം നൽകാത്തത്. ശ്രീമതി.ജോയ്സി ലോപ്പസിന്റെ നിയമനത്തിന് അംഗീകാരം നൽകിയ നടപടി പുനഃപരിശോധിച്ചു വരുന്നു.

കോളേജുകളിലെ ഫീസ് വർദ്ധന

111 (709) ശ്രീ. പി. സി. ജോർജ് :
ഡോ. തോമസ് ഐസക് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കോളേജുകളിൽ ഫീസ് വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വർദ്ധനവിന്റെ വിശദമായ വിവരം വെളിപ്പെടുത്താമോ ;

(സി) പരീക്ഷാഫീസ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട് ; പരീക്ഷാ ഫീസിൽ എത്ര പ്രാവശ്യം വർദ്ധനവ് വരുത്തിയിട്ടുണ്ട് ;

(ഇ) ഇപ്പോഴത്തെ ഫീസ് വർദ്ധനവിലൂടെ എത്രകോടി രൂപയുടെ വരുമാന വർദ്ധനവാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഫീസ് വർദ്ധനവ് സംബന്ധിച്ചുള്ള വിശദവിവരം ഉത്തരവിൽ ലഭ്യമാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പോളിടെക്നിക്കുകളിലെ പരീക്ഷാഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധ ഉത്തരവിൽ ലഭ്യമാണ്.*

(ഡി) രണ്ടുപ്രാവശ്യം ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. പോളിടെക്നിക്കുകളിലെ പരീക്ഷാഫീസിൽ രണ്ട് പ്രാവശ്യം വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ഇ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ 2.86 കോടി രൂപയുടെ വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നു. ആർട്സ് ആന്റ് സയൻസ് കോളേജുകളെ സംബന്ധിച്ച് ഈ വിവരം ഇപ്പോൾ ലഭ്യമല്ല.

യു. ജി. സി. സ്കീം പൂർണ്ണമായി നടപ്പിലാക്കിക്കഴിഞ്ഞ കോളേജുകൾ

112 (710) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ യു. ജി. സി. സ്കീം പൂർണ്ണമായി നടപ്പിലാക്കിക്കഴിഞ്ഞോ ;

(ബി) എങ്കിൽ അതനുസരിച്ച് പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാം അദ്ധ്യാപക തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് ;

(സി) അക്കൂട്ടത്തിൽ പ്രൊഫസർ തസ്തിക ഉൾപ്പെടുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപകർ 'പ്രൊഫസർ' എന്ന് അവരുടെ പേരിനോടൊപ്പം ചേർക്കുന്നത് നിയമ വിധേയമാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപ്പിലാക്കി കഴിഞ്ഞു.

(ബി) ലക്ചറർ, ലക്ചറർ സീനിയർ സ്കെയിൽ, ലക്ചറർ സെലക്ഷൻ ഗ്രേഡ്, റീഡർ, പ്രിൻസിപ്പൽ എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) യു. ജി. സി. സ്കീം നിലവിൽ വന്നതോടുകൂടി പ്രൊഫസർ തസ്തിക ഇല്ലാതായി. അതിനാൽ നിയമ വിധേയമല്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly